**2009, ഖുത്വ്ബ നമ്പര്‍-48**

بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

**27.11.2009**
**ബയ്ത്തുല്‍ ഫുതൂഹ്,**
**ലണ്ടന്‍**

# അല്ലാഹുവിന്റെ ഗുണനാമം - അല്‍ വലിയ്യു (3)

കഴിഞ്ഞ ചില ജുമുഅകളിലായി വിശുദ്ധ ഖുര്‍ആനിലെ വചന ങ്ങളുടെ വെളിച്ചത്തില്‍ വലിയ്യ് (മിത്രം) എന്ന വിഷയവുമായി ബന്ധ പ്പെട്ടാണ് ഖുത്വുബ ചെയ്ത് വരുന്നത്. അല്ലാഹു എങ്ങനെയാണ് നമ്മുടെ മിത്രമാകുന്നതെന്നും, ഏതു വിധേനയാണ് തന്റെ ഈ ഗുണ നാമത്തെ പ്രകടമാക്കുന്നതെന്നും ഒരു മനുഷ്യനെ സംബന്ധിച്ചേട ത്തോളം എങ്ങനെയാണ് അല്ലാഹുവിന്റെ മിത്രമാകേണ്ടതെന്നും ഈ വചനങ്ങളില്‍ പറയുന്നുണ്ട്. ദൈവസാമീപ്യത്തിന്റെ ഏറ്റവും ഉന്ന തമായ പദവി ഹദ്‌റത്ത് മുഹമ്മദ് നബി (സ) ന് ലഭിച്ചു. അല്ലാഹു വിന്റെ പ്രഖ്യാപനമായ

نَحۡنُ اَوۡلِیٰٓؤُکُمۡ فِی الۡحَیٰوۃِ الدُّنۡیَا وَ فِی الۡاٰخِرَۃِ ۚ وَ لَکُمۡ فِیۡہَا مَا تَشۡتَہِیۡۤ اَنۡفُسُکُمۡ وَ لَکُمۡ فِیۡہَا مَا تَدَّعُوۡنَ ﴿۳۲﴾ (41:32)

അര്‍ത്ഥം: ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങള്‍ നിങ്ങളുടെ മിത്രങ്ങളാണ്.നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങള്‍ക്ക് അവിടെ (സ്വര്‍ഗ്ഗത്തില്‍)ലഭിക്കും.നിങ്ങളാവശ്യപ്പെടുന്ന തെല്ലാം നിങ്ങള്‍ക്കവിടെ ഉണ്ടാകും.

ഇതിന്റെ ആദ്യത്തെ സംബോധിതന്‍ റസൂല്‍ (സ)തന്നെയാണ്. അല്ലാഹുവിന് ഏറ്റവും പ്രിയങ്കരനും അങ്ങ് തന്നെയാണ്. ആകാശ ഭൂമികള്‍ സൃഷ്ടിക്കപ്പെട്ടത് തന്നെ അങ്ങേയ്ക്ക് വേണ്ടിയാണ്.അങ്ങ യുടെ ജനനം മുതല്‍ മരണം വരെ എല്ലാ ഘട്ടങ്ങളിലും അല്ലാഹു അങ്ങയുടെ മിത്രമാണെന്ന കാഴ്ചകള്‍ കാണിച്ചു. അങ്ങയുടെ ആഗ്രഹാഭിലാഷങ്ങള്‍ അങ്ങയുടെ ജീവിതത്തില്‍തന്നെ പൂര്‍ത്തീക രിക്കപ്പെട്ടു. നിയമസംഹിത പരിപൂര്‍ത്തീകരിക്കുകയും അങ്ങ് ഖാത്തമുല്‍ അമ്പിയാ എന്ന പേരില്‍ അറിയപ്പെടുകയും ഇന്നും അത് നിലനിന്നു പോരുകയും ചെയ്യുന്നു. അല്ലാഹു അങ്ങയ്ക്ക് وَاللّٰهُ يَعۡصِمُكَ مِنَ النَّاسِ എന്ന വാഗ്ദാനം നല്‍കിയപ്പോള്‍ എല്ലാ ദുര്‍ഘട ഘട്ടങ്ങളില്‍ നിന്നും അങ്ങയെ സംരക്ഷിച്ചുകൊണ്ട് എല്ലാ വിധ നാശനഷ്ടങ്ങളില്‍നിന്നും രക്ഷപ്പെടുത്തുകയുണ്ടായി. ഹിജ് റത്ത് വേളയില്‍ അബൂബക്കര്‍ സിദ്ധീഖ് (റ)തങ്ങള്‍ പിടിക്കപ്പെടു മെന്ന് ആശങ്ക പ്രകടിപ്പിച്ചപ്പോള്‍ لَا تَحۡزَنۡ اِنَّ اللّٰهَ مَعَنَا നീ ഭയപ്പെടേണ്ടതില്ല നമ്മുടെ യജമാനനും മിത്രവുമായ അല്ലാഹു നമ്മോടൊപ്പമുണ്ട് എന്ന് പറഞ്ഞുകൊണ്ട് സമാശ്വസിപ്പിക്കുകയായി രുന്നു. അല്ലാഹു വിശ്വാസികളുടെ മിത്രമാണെന്നതിനുള്ള കാഴ്ച കള്‍ അങ്ങയുടെ പരിശുദ്ധ ശക്തിയുടെ പിന്‍ബലത്താല്‍ അങ്ങ യുടെ പിന്‍ഗാമികള്‍ക്കും കാണിച്ചുകൊടുക്കുന്നു. അബൂബക്കര്‍ സിദ്ധീഖി(റ)ന് അങ്ങയുടെ അടുത്ത സുഹൃത്ത് എന്നതില്‍ ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. അദ്ദേഹം എപ്പോഴും ആ ദൃശ്യങ്ങള്‍ കണ്ടു. പൊതുവില്‍ സഹാബാക്കളും അല്ലാഹുവിന്റെ മിത്രങ്ങളാ യിക്കൊണ്ട് ആ കാഴ്ചകള്‍ കണ്ടു. ഇന്നുവരെ റസൂല്‍ (സ) തിരു മേനിയുടെ പരിശുദ്ധ ശക്തികൊണ്ടാണ് അല്ലാഹു ഈ ദൃശ്യങ്ങള്‍ കാണിച്ചുകൊണ്ടിരിക്കുന്നത്. ഓരോ കാല്‍വെപ്പിലും അല്ലാഹുവിന് വേണ്ടി പവിത്രത കൈവരിക്കുന്നവരാണ് ഈ ദൃശ്യങ്ങള്‍ കാണാറു ള്ളത്. ഈ കാലഘട്ടത്തില്‍ അല്ലാഹു മുഹമ്മദീ മസീഹിനെ അയ ച്ചതുവഴി അവന്റെ സഹായത്തിന്റെയും മിത്രത്വത്തിന്റെയും ഒരു പുതിയ ഉദാഹരണമാണ് നാം കണ്ടത്. വിശ്വാസങ്ങളില്‍ അഭിവൃ ദ്ധിയുണ്ടായി. ഇപ്പോള്‍ ഞാന്‍ ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ടു കൊണ്ട് ആദ്യം റസൂല്‍ (സ) തിരുമേനിയുടെ സഹാബാക്കളുടെ ജീവിതത്തിലുണ്ടായ സംഭവങ്ങളും ശേഷം മസീഹ് മൗഊദ് (അ) ന്റെ സഹാബിമാരുടെ സംഭവങ്ങളും കേള്‍പ്പിക്കുന്നതായിരിക്കും. ഇതി ല്‍ നിന്നും അല്ലാഹു തന്റെ ദാസന്മാരോട് കാണിക്കുന്ന സമീപന വും അവര്‍ക്കു വേണ്ടി കാണിക്കുന്ന ആവേശവും കാണാന്‍ സാധി ക്കുന്നു. അവരുടെ ജീവിതത്തില്‍ എപ്രകാരമാണ് അല്ലാഹു അവ രുടെ സഹായിയായതെന്നും അവരുടെ മരണശേഷവും ജനങ്ങ ളുടെ ആക്രമണങ്ങളില്‍ നിന്ന് എങ്ങനെയാണ് രക്ഷപ്പെടുത്തിയ തെന്നും കാണാവുന്നതാണ്. ഇവരില്‍ ഒരാള്‍ പ്രാര്‍ത്ഥിച്ചിരുന്നുവെ ങ്കില്‍ അത് അവരുടെ ഇഹലോകജീവിതത്തിന് വേണ്ടി മാത്രം അല്ലാഹു പരിമിതപ്പെടുത്തുമായിരുന്നില്ല. അവരുടെ മരണശേ ഷവും അവരുടെ ആഗ്രഹാഭിലാഷങ്ങള്‍ക്കായി ചെയ്ത ദുആകള്‍ പൂര്‍ത്തീകരിക്കുകയുണ്ടായി. ആദ്യമായി ഞാന്‍ പറയാനാഗ്രഹി ക്കുന്ന സംഭവം റസൂല്‍ (സ) തിരുമേനിയുടെ സഹാബി ഹദ്‌റത്ത് സുബൈറി(റ)ന്റേതാണ്. സുബൈറി(റ)ന്റെ പുത്രന്‍ അബ്ദുല്ലാഹി ബ്നു സുബൈര്‍ പറയുന്നു. ജമല്‍ യുദ്ധ ദിവസം ഞാന്‍ സുബൈ റി(റ)ന്റെ അടുത്തു തന്നെ നില്‍ക്കുകയായിരുന്നു. എന്നോട് പറ ഞ്ഞു: മകനേ, ഇന്നത്തെ ദിവസം ഒന്നുകില്‍ മര്‍ദ്ദകന്‍ കൊല ചെയ്യ പ്പെടും അല്ലെങ്കില്‍ മര്‍ദ്ദിതന്‍. രണ്ടുതരക്കാരില്‍ ആരെങ്കിലും കൊലചെയ്യപ്പെട്ടേക്കാം. മര്‍ദ്ദിതനായ ഈ ഞാന്‍ കൊല ചെയ്യപ്പെ ടാനുള്ള സാധ്യത വളരെയേറെയാണ്. എന്നാല്‍ എന്റെ ഏറ്റവും വലിയ പ്രശ്നം കടമാണ്. ഈ കടം നല്‍കിയശേഷം നമ്മുടെ ധന ത്തില്‍ വല്ലതും മിച്ചമുണ്ടാകുമോ? പിന്നീട് അദ്ദേഹം പറഞ്ഞു: മകനേ, നമ്മുടെ സ്വത്ത് വിറ്റ് എന്റെ കടം വീട്ടിക്കൊള്ളുക. അറ ബികള്‍ക്ക് പല പട്ടണങ്ങളിലായി സ്വത്തുണ്ടായിരുന്നു. സ്വത്തിന്റെ മൂന്നാമത്തെ ഭാഗം തന്റെ മകന്‍ അബ്ദുല്ലാഹിബ്നു സുബൈറിന് വസ്വിയ്യത്ത് ചെയ്തു. കടം വീട്ടിയതിന്ശേഷം നമ്മുടെ ധനത്തില്‍ മിച്ചമുണ്ടെങ്കില്‍ നിന്റെ മകനും ഒരു ഭാഗം നല്‍കുക. മകനേ, കടം വീട്ടാന്‍ നിനക്ക് കഴിഞ്ഞില്ലെങ്കില്‍ എന്റെ യജമാനനായ അല്ലാഹു വിനോട് സഹായമഭ്യര്‍ത്ഥിക്കുക. അബ്ദുല്ലാഹിബ്നു സുബൈര്‍ പറഞ്ഞു: ഉപ്പാ, ഇതുകൊണ്ട് അങ്ങ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലായിട്ടില്ല. ഞാന്‍ ചോദിച്ചു: ഉപ്പാ താങ്കളുടെ യജ മാനനാരാണ്? അങ്ങ് പറഞ്ഞു അല്ലാഹുവാണ് എന്റെ യജമാനന്‍. അബ്ദുല്ലാഹിബ്നു സുബൈര്‍ പറയുന്നു: സുബൈറി(റ) ന്റെ കടം വീട്ടുന്ന കാര്യത്തില്‍ വിഷമം നേരിട്ട സാഹചര്യങ്ങളിലെല്ലാം ഞാന്‍ ഇപ്രകാരം ദുആ ചെയ്തു. അല്ലയോ സുബൈറിന്റെ യജമാനനേ, അദ്ദേഹത്തിന്റെ കടം വീട്ടുക. അങ്ങനെ അല്ലാഹു ആ കടം വീട്ടാ നുള്ള സാഹചര്യങ്ങള്‍ ഒരുക്കുമായിരുന്നു. ഇതാണ് തന്റെ ദാസ നോടുള്ള അല്ലാഹുവിന്റെ സഹായങ്ങളുടെയും സുഹൃദ്ബന്ധത്തി ന്റെയും മാതൃക. മരണശേഷവും വ്യക്തിപരമായ ബലഹീനത കൊണ്ടോ കടം കൊണ്ടോ ആര്‍ക്കും തങ്ങളുടെമേല്‍ വിരല്‍

ചൂണ്ടാനും ആക്ഷേപം ഉന്നയിക്കാനുമുള്ള അവസരം അവർ നൽകിയില്ല. ആവശ്യമായ ഘട്ടങ്ങളിലൊക്കെ കടം വീട്ടാനുള്ള സാഹചര്യങ്ങൾ ഒരുക്കപ്പെടുമായിരുന്നു.

മറ്റൊരു നിവേദനം ഇപ്രകാരമാണ്: ഒരു സംഭവത്തിൽ അല്ലാഹു ഒരു സഹാബിയുടെ ആഗ്രഹപ്രകാരം ശഹീദാക്കപ്പെട്ടതിന്ശേഷവും സത്യനിഷേധികളുടെ കരങ്ങളിൽ നിന്ന് സുരക്ഷിതമാക്കി. സീറത്ത് ഇബ്നുഹശാമിൽ രേഖപ്പെടുത്തപ്പെട്ട ഒരു സഹാബിയുടെ ശഹാദത്ത് സംഭവമാണിത്. ഒരു ഗോത്രക്കാർ ചതിയിൽ 10 സഹാബിമാരെ ദീനീ ശിക്ഷണത്തിനെന്ന വ്യാജേന അവരുടെ അടുക്കലേക്ക് ക്ഷണിക്കുകയും ആദ്യം 7 പേരേയും പിന്നീട് മൂന്ന് പേരേയും കാരാഗൃഹത്തിൽ വെക്കുകയും പിന്നീട് ശഹീദാക്കുകയുമുണ്ടായി. ഇവരിൽ ഹസൻ ബിൻ സാബിത്ത് (റ) ഉണ്ടായിരുന്നു. ശത്രുക്കളോട് പോരാടി അദ്ദേഹവും ശഹീദായി. ഹസൻ ബിൻ സാബിത്ത് ശഹീദാക്കപ്പെട്ടപ്പോൾ എങ്ങനെയെങ്കിലും അദ്ദേഹത്തിന്റെ ശിരസ്സ് ലഭിക്കാൻ ശത്രുക്കളായ ഹുസൈൽ ഗോത്രക്കാർ ശ്രമിച്ചു. ആ ശിരസ്സ് സുലൈഖാ ബിൻത് സഅദ് എന്ന സ്ത്രീക്ക് നൽകാമെന്ന് അവർ ഏറ്റിരുന്നു.ഹസൻബിൻ സാബിത്തിന്റെ ശിരസ്സ് ലഭിച്ചാൽ അത് മദ്യം കഴിക്കാനുപയോഗിക്കുമെന്നായിരുന്നു ആ സ്ത്രീ പറഞ്ഞത്. കാരണം ഉഹദ് യുദ്ധത്തിൽ ഹസൻ ബിൻ സാബിത്ത് ഈ സ്ത്രീയുടെ രണ്ട് മക്കളെ വധിച്ചിരുന്നു. എന്നാൽ ഹുസൈൽ ഗോത്രക്കാർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കാരണം ഹസന്റെ ഭൗതിക ശരീരത്തിന് ചുറ്റും തേനീച്ചകൾ നിറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്തിനു ശേഷം തന്നെ തേനീച്ചകളും കടന്നലുകളും മറ്റാരെയും ആ ഭാഗത്തേക്ക് അടുക്കാൻ അനുവദിച്ചില്ല. ഏതായാലും രാത്രി ആരും അറിയാതെ ശിരസ്സ് കൈക്കലാക്കാം എന്നായിരുന്നു ഇവർ കരുതിയത്. എന്നാൽ രാത്രി ശക്തമായ മഴയും വെള്ളപ്പൊക്കവുമുണ്ടാകുകയും വെള്ളപ്പൊക്കത്തിൽ ഹസന്റെ ഭൗതിക ശരീരം മറ്റൊരു ഭാഗത്തേക്ക് ഒഴുകിപ്പോവുകയും ചെയ്തു. ഹസൻ ബിൻ സാബിത്ത് എന്ന ഇദ്ദേഹം ഇസ്ലാം സ്വീകരിച്ച ശേഷം ഒരു പ്രതിജ്ഞ ചെയ്തിരുന്നു. അതായത് ഒരു ബിംബാരാധകനും തന്നെ തൊടില്ലെന്നും താനും ഒരു ബിംബാരാധകനേയും തൊടില്ലെന്നുമുള്ളതായിരുന്നു അത്. താൻ അശുദ്ധനാകാതിരിക്കാൻ വേണ്ടിയായിരുന്നു അത്. തേനീച്ചകളാണ് ഹസൻ(റ)ന്റെ ഭൗതിക ശരീരത്തെ സംരക്ഷിച്ചതെന്ന് അറിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ (റ) പറയുന്നു: അല്ലാഹു സത്യവിശ്വാസികളായ തന്റെ ദാസരെ സഹായിക്കുന്നു. ഹസൻ ജീവിതത്തിലുടനീളം എടുത്ത തീരുമാനം ഒരു ബിംബാരാധകനും തന്നെ തൊടുകയോ താൻ ബിംബാരാധകനെ തൊടുകയോ ഇല്ല എന്നായിരുന്നു. അങ്ങനെ ജീവിതകാലത്ത് സംരക്ഷണം നൽകിയപോലെ ഹസന്റെ മരണശേഷവും മക്കാ മുശ്രിക്കുകൾക്ക് ഹസനെ തൊടാൻപോലും സാധിച്ചില്ല.

മറ്റൊരു സംഭവം: അല്ലാഹു സഹായം നൽകിക്കൊണ്ട് വിശപ്പിൽ നിന്ന് എങ്ങനെയൊക്കെയാണ് രക്ഷിക്കുന്നത് എന്ന സംഭവം ഇപ്രകാരമാണ്. ഹദ്റത്ത് ജാബിർ അരുൾ ചെയ്യുന്നു റസൂൽ (സ) തിരുമേനി ഞങ്ങളെ ഒരു കർത്തവ്യനിർവ്വഹണത്തിനായി അയച്ചു. ഹദ്റത്ത് അബൂ ഉബൈദ (റ) യെയാണ് ഞങ്ങളുടെ അമീറായി നിശ്ചയിച്ചത്. ഖുറൈശി ഗോത്രക്കാരെ തടയുക എന്നതായിരുന്നു ഞങ്ങളെ ഏൽപിച്ച ജോലി. പാഥേയമെന്ന നിലയ്ക്ക് ഒരു ചെറിയ സഞ്ചിയാണ് ഞങ്ങൾക്ക് തന്നത്. അതല്ലാതെ ഭക്ഷണത്തിനായി മറ്റൊന്നും ഞങ്ങളുടെ കൈയ്യിലില്ലായിരുന്നു. ഉബൈദ(റ) പറയുന്നു: ഞങ്ങൾ ദിവസവും ഒരു ഈത്തപ്പഴം കഴിക്കുകയും വെള്ളം കുടിക്കുകയും ചെയ്യുമായിരുന്നു. കുട്ടികളെപ്പോലെ ഞങ്ങളത് കുറെ വായിലിട്ട് വെക്കുമായിരുന്നു. ചില ദിവസങ്ങളിൽ വയർ നിറയ്ക്കാനായി മരങ്ങളിൽ വടികൊണ്ടടിച്ച് ഇല വീഴ്ത്തുകയും ആ ഇലകൾ വെള്ളത്തിൽ നനച്ച് ഭക്ഷിക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം ഞങ്ങൾ കടൽകരയിലൂടെ നടക്കുകയായിരുന്നു. ദൂരെ എന്തോ ഒന്ന് മല പോലെ ഞങ്ങൾക്ക് തോന്നി. അടുത്തെത്തി നോക്കിയപ്പോൾ അതൊരു ഭീമൻ മത്സ്യമായിരുന്നു. അബൂഉബൈദ (റ) പറഞ്ഞു: ഇത് ജീവനില്ലാത്തതാണ്. അതിനാൽ ഭക്ഷ്യയോഗ്യമല്ല. എന്നാൽ കുറച്ച് കഴിഞ്ഞപ്പോൾ പറഞ്ഞു: നമ്മൾ അല്ലാഹുവിന്റെ റസൂലിനാൽ അയക്കപ്പെട്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഇറങ്ങിപ്പുറപ്പെട്ടവരാണ്. നാം നിർബന്ധിതാവസ്ഥയിലായത്കൊണ്ട് ഇത് ഭക്ഷിക്കാവുന്നതാണ്. വലിയ മത്സ്യമായത് കൊണ്ട് തന്നെ ഞങ്ങൾ ഒരു മാസത്തോളം ഇതിൽ കഴിച്ചുകൂട്ടി. ഞങ്ങൾ 300 പേരുണ്ടായിരുന്നു. ഇത് കഴിച്ച് ഞങ്ങളെല്ലാവരും തടിയന്മാരായി. വലിയ മത്സ്യമായിരുന്നത്കൊണ്ട് വലിയ വലിയ പാത്രങ്ങളിൽ എണ്ണയെടുത്ത്കൊണ്ടിരുന്നു. ആ മത്സ്യത്തിന്റെ കണ്ണിന് മാത്രം 13 ആളുകൾക്ക് ഇരിക്കാനുള്ള വലിപ്പമുണ്ടായിരുന്നു. അല്ലാഹു ഇങ്ങനെയാണ് അവർക്കായി ഭക്ഷണം ഏർപ്പാട് ചെയ്തത്. മിച്ചമുണ്ടായിരുന്നത് അവർ കൊണ്ടുവരികയും ചെയ്തു. റസൂൽ (സ) തിരുമേനി അവരോട് പറഞ്ഞു: നിങ്ങൾ ചെയ്തത് തീർത്തും ശരിയാണ്. അത് നിങ്ങൾക്ക് അനുവദിക്കപ്പെട്ടതാണ്. അതിന്റെ ഒരു കഷണമുണ്ടെങ്കിൽ എനിക്കും തരിക; ഞാനും ഭക്ഷിച്ചു നോക്കട്ടെ. ഈ വിഭവം നിങ്ങൾക്ക് അല്ലാഹുവാണ് നൽകിയത്.

ഇതാണ് അല്ലാഹുവിന്റെ സഹായഹസ്തങ്ങളുടെ വിവിധ രീതികൾ. അവന്റെ മാർഗ്ഗത്തിൽ ഇറങ്ങിപ്പുറപ്പെടുന്നവരുടെ ഭക്ഷണത്തിനുള്ള ഏർപ്പാടുകളും അവൻ തന്നെ ചെയ്യുന്നു. ഒരു ഈത്തപ്പഴം ഭക്ഷിച്ച് വെള്ളം മാത്രം കുടിച്ച് ഇലകളിൽ ജീവിതം കഴിച്ചുകൂട്ടിയവർക്ക് വേണ്ടി അല്ലാഹു മാംസവും എണ്ണയും ഏർപ്പെടുത്തിക്കൊടുത്തു.

അല്ലാഹു തന്നിൽ പൂർണ്ണമായി വിശ്വസിക്കുന്നവരോടും ഭയഭക്തിയിലധിഷ്ഠിതമായി ജീവിക്കുന്നവരോടും അവനിൽ ഭരമേൽപ്പിക്കുന്നവരോടുമായി പറയുന്നു: وَّيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ അതായത് അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നൽകുകയും ചെയ്യും.

ഈ ലോകത്ത് അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതായും താൻ മിത്രമാണെന്നതിനുള്ള അടയാളങ്ങൾ കാണിക്കുകയും ചെയ്യുമ്പോൾ തന്റെ ദാസർക്ക് എല്ലാവിധ ഏർപ്പാടുകളും ചെയ്തുകൊടുക്കുന്നു എന്ന കാര്യത്തിൽ വിശ്വാസികൾക്ക് കൂടുതൽ ദൃഢതയുണ്ടാകുന്നു. അതുപോലെ പരലോകത്തേക്കുള്ള വാഗ്ദാനങ്ങളും തീർച്ചയായും പൂർത്തിയാക്കുന്നതായിരിക്കും. ഞാൻ പറഞ്ഞതുപോലെ നബി(സ)യുടെ ദാസത്വത്തിൽ ഈ കാലഘട്ടത്തിലേക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അയക്കുകയും وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ എന്ന വാഗ്ദാനം പൂർ ത്തീകരിച്ചുകൊണ്ട് പ്രിയ യജമാനൻ (സ) തന്റെ ഭക്തരായ ശിഷ്യരിൽ സ്ഥാപിച്ചു കാണിച്ച വിപ്ലവാത്മകമായ പരിവർത്തനങ്ങളും സൽഗുണങ്ങളും റസൂൽ (സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയിൽ വിശ്വസിക്കുന്നവരിലും രൂഢമൂലമാക്കി. ദൈവസാമീപ്യത്തിന്റെ ഈ സംഭവങ്ങൾ മസീഹ് മൗഊദ് (അ) ന്റെ സഹാബാക്കൾക്കും നൽകപ്പെട്ടു. ദൈവഭക്തർക്കും അല്ലാഹുവിന്റെ മിത്രങ്ങളാവാൻ പരിശ്രമിക്കുന്നവർക്കും ഇന്നും ഇത്തരത്തിലുള്ള സമീപനങ്ങളാണുണ്ടാ

യിക്കൊണ്ടിരിക്കുന്നത്. അതിൽ ചിലത് ഞാൻ പറയുന്നതാണ്. റസൂൽ (സ) തിരുമേനിയുടെ ചില സഹാബാക്കളുടേതാണ് ഞാൻ പറഞ്ഞുവന്നത്. ഈ സംഭവങ്ങൾ പറയുന്നതിന് മുമ്പ് ഡോക്ടർ ഇത്ഹർദ്ദീൻ സാഹിബ് (റ) ചെയ്ത ഒരു സാക്ഷ്യം നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. ഒരു അനഹ്മദി മസീഹ് മൗഊദ് (അ) നെ സംബന്ധിച്ച് പറഞ്ഞ ഒരു അഭിപ്രായമാണത്. ഡോക്ടർ ഇത്ഹർദ്ദീൻ സാഹിബ് (റ) മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ ഒരു കുറിപ്പിൽ എഴുതിയിരിക്കുന്നത് ജലന്ധർ ജില്ല റാഹോം സ്വദേശിയായ ഒരാൾ അമൃത്സറിൽ വരാനിടയായി. ഒരു മേജറുടെ മകനായിരുന്നു. ഡോക്ടർ ഇയാളുടെ പ്രസിദ്ധി കേട്ടറിഞ്ഞ് ഇയാളുടെ അടുത്തെത്തി. അയാൾ ഡോക്ടർ സാഹിബിനെ കണ്ട ഉടനെത്തന്നെ പറഞ്ഞു: വലിയ്യാകണമെങ്കിൽ ഖാദിയാനിൽ തന്നെ പോകണം.പിന്നീട് 1899 ൽ ബൈഅത്തിനായി മസീഹ് മൗഊദ് (അ) ന് എഴുതി.

ഖലീഫത്തുൽ മസീഹ് ഒന്നാമൻ (റ) ഉന്നതനായ വൈദ്യനും പണ്ഡിതനുമായിരുന്നു. അദ്ദേഹത്തെപ്പറ്റി ഹദ്റത്ത് മൗലാനാ രാജെകി സാഹിബ് നിവേദനം ചെയ്യുന്നു: ചൗദരി നവാബ് ഖാൻ സാഹിബ് തഹ്സിൽദാർ പരിശുദ്ധനായ അഹ്മദിയായിരുന്നു. ഗുജറാത്തിലേക്ക് മാറ്റം കിട്ടിയപ്പോൾ പര്യടനവേളയിൽ എന്റെയടുക്കൽ രാജെകിയിലും വരുമായിരുന്നു. എന്റെയടുത്ത് താമസിക്കുകയും ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യതയെയും മഹത്വത്തെയുംക്കുറിച്ച് പലപ്പോഴും വാതോരാതെ സംസാരിക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം ഇത്പോലെ സംസാരിക്കുന്നതിന്നിടയിൽ നവാബ്ഖാൻ തഹ്സിൽദാർ എന്നോട് പറഞ്ഞു. ഞാൻ ഒരിക്കൽ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനോട് പറഞ്ഞു, മൗലാനാ, താങ്കൾ ആദ്യമേ ഉന്നതനായ വ്യക്തിയാണ്. മിർസാ സാഹിബിന് ബൈഅത്ത് ചെയ്തത് കൊണ്ട് അങ്ങയ്ക്ക് എന്ത് പ്രയോജനമാണുണ്ടായത്? ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറഞ്ഞു: നവാബ്ഖാൻ, മീർസാ സാഹിബിന് ബൈഅത്ത് ചെയ്തത്കൊണ്ട് എനിക്ക് ഒരുപാട് പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ എനിക്കുണ്ടായ ഒരു പ്രയോജനം ആദ്യം ഞാൻ റസൂൽ (സ) തിരുമേനിയെ സന്ദർശിച്ചിരുന്നത് ദർശനങ്ങളിലൂടെയായിരുന്നു. എന്നാൽ ഇപ്പോൾ ജാഗ്രതാവസ്ഥയിലും സന്ദർശിക്കുന്നു.പിന്നീട് അങ്ങയുടെ സഹവാസത്തിൽ എനിക്കുണ്ടായ പ്രയോജനം എന്തെന്നാൽ, ഭൗതികലോകത്തോടുള്ള എന്റെ സ്നേഹം ഇപ്പോൾ തണുത്തിരിക്കുന്നു. ഇതെല്ലാം അങ്ങയുടെ പരിശുദ്ധ ശക്തികൊണ്ടും ആ സഹവാസത്തിന്റെ അനുഗ്രഹമെന്ന നിലയ്ക്കുമാണ് ലഭിച്ചിരിക്കുന്നത്.

ഇനി മറ്റു ചില സംഭവങ്ങളാണ് പറയാനാഗ്രഹിക്കുന്നത്. ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ രാജെകി സാഹിബിന്റെ സംഭവം ഇപ്രകാരമാണ്. എഴുതുന്നു: ഒരിക്കൽ ചൗദരി അല്ലാദാദ് സാഹിബ് എന്നോട് ചോദിച്ചു: അദൃശ്യകരങ്ങളാൽ സഹായം നൽകപ്പെടും എന്നത് ശരി തന്നെയാണോ? ഞാൻ പറഞ്ഞു അതെ, ചില പ്രത്യേക ഘട്ടങ്ങളിൽ മനുഷ്യന് പ്രത്യേകമായ ആത്മീയാവസ്ഥ സംജാതമാവുമ്പോൾ അവന്റെ ദുആകൾ അല്ലാഹുവിന്റെ അനുമതി പ്രകാരം തീർച്ചയായും ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു. എന്റെ വാക്കുകൾ കേട്ട് അല്ലാദാദ് പറഞ്ഞു: എന്റെ സാമ്പത്തിക പരാധീനതകൾ മാറാൻ എനിക്കും അങ്ങനെയൊരു ദുആ പറഞ്ഞു തന്നാലും. അതെ, ഒരു പ്രത്യേക ഘട്ടത്തിൽ തീർച്ചയായും ഞാൻ താങ്കൾക്ക് പറഞ്ഞുതരാം. അങ്ങനെ ഒരു ദിവസം അദൃശ്യങ്ങളായ അനുഗ്രഹങ്ങൾ കൊണ്ടും മസീഹ് മൗഊദ് (അ) ന്റെ ബർക്കത്ത്കൊണ്ടും പ്രത്യേക ആത്മീയാവസ്ഥ എന്നിൽ പ്രഭാവിതമായി. അതായത് ദുആകൾ സ്വീകരിക്കപ്പെടും എന്നെനിക്ക് ബോധ്യമായപ്പോൾ ഞാൻ അല്ലാദാദ് സാഹിബിന് ഒരു ദുആ എഴുതിക്കൊടുത്തു. ദുആയുടെ വാക്കുകൾ ഏകദേശം ഇങ്ങനെയാണ്.

അല്ലാഹുമ്മഹ്ഫിനീ ബിഹലാലിക്ക അൻഹറാമിക്ക വഹിഗ്നീ ബിഫള്ലിക്ക അൻസിറാത്തക. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: ഈ ദുആ എപ്പോഴും കൂടെ കൊണ്ടുനടക്കുക.ഉടനെതന്നെ അദ്ദേഹം തന്റെ തലപ്പാവിന്റെ ഒരു ഭാഗത്ത് അത് സുരക്ഷിതമായി കെട്ടിവെച്ചു. എന്റെ യജമാനനായ അല്ലാഹു ഹദ്റത്ത് മസീഹ്മൗഊദ് (അ)ലൂടെ, ഒന്നിനും കൊള്ളരുതാത്തവനായ എന്റെ ദുആകൾ സ്വീകരിച്ചു കൊണ്ട് ചൗദരി അല്ലാദാദിന് ഒരു വർഷത്തോളം അദൃശ്യപരമായരീതിയിൽ സഹായങ്ങൾ ലഭിക്കുകയും സാമ്പത്തികവിജയങ്ങളും മറ്റ് അൽഭുതങ്ങളും ഉണ്ടാകുകയും ചെയ്തു. പിന്നീട് യാദൃച്ഛികമായി ഈ ദുആ അല്ലാദാദ് സാഹിബിന്റെ കയ്യിൽ നിന്ന് നഷ്ടപ്പെടുകയും അങ്ങനെ ആ അദൃശ്യകരങ്ങളുടെ പരമ്പര അവസാനിക്കുകയും ചെയ്തു. ആ കടലാസ് കയ്യിലുണ്ടായിരുന്നിടത്തോളം ദുആ സ്വീകരിക്കപ്പെട്ടുകൊണ്ടിരുന്നു. അത് നഷ്ടപ്പെട്ടപ്പോൾ അവസാനിക്കുകയും ചെയ്തു.

ഹക്കീം മുഹമ്മദ് ഇസ്മായീൽ സാഹിബ് പറയുന്നു: എന്റെ മകൻ മുഹമ്മദ്യാക്കൂബിന്റെ ജനനസമയത്ത് ചേലാകർമ്മം നിർവ്വഹിക്കപ്പെടുമ്പോൾ ഹജാമിന്റെ കൈപ്പിഴ കാരണത്താൽ ഞരമ്പുകൾ മുറിഞ്ഞു. രക്തം നിൽക്കാതെ ഒഴുകുന്നുണ്ടായിരുന്നു. കുട്ടിയുടെ അവസ്ഥ മോശമായിക്കൊണ്ടിരുന്നു. കണ്ണുകൾ വല്ലാത്ത ഒരവസ്ഥയിലെത്തി. ബാഹ്യമായി ജീവനില്ലാത്ത ഭൗതിക ശരീരം പോലെ തോന്നി. ഈ പരിഭ്രമാവസ്ഥയിൽ ഞാൻ സേവനം ചെയ്തുവന്ന മെഡിക്കൽസ്റ്റോറിലേക്ക് മരുന്നിനായി പോയി. അപ്പോൾ യാദൃച്ഛികമായി മൗലവി ശേർ അലി സാഹിബ് ഈ മെഡിക്കൽ സ്റ്റോറിന് മുന്നിലൂടെ പോകുകയായിരുന്നു. ഞാൻ അസ്സലാമു അലൈക്കും എന്നുപറഞ്ഞു കൊണ്ട് എല്ലാ കാര്യങ്ങളും പറഞ്ഞ് ദുആക്കായി അഭ്യർത്ഥിച്ചു.മൗലവി സാഹിബ് ഉടനെത്തന്നെ കൈകളുയർത്തി ദുആ ചെയ്യാൻ തുടങ്ങി.കുറേ നേരം വളരെ വേദനയോടും അതീവശ്രദ്ധയോടും കൂടി ദുആ ചെയ്തു. ദുആ കഴിഞ്ഞ് ഞാൻ വീട്ടിലെത്തി ഭാര്യയോട് പറഞ്ഞു: കുട്ടിക്ക് പാൽ കൊടുക്കുക. ഉമ്മ പാൽ കൊടുത്തപ്പോൾ വളരെ ഉൽസാഹത്തോടെ ആരോഗ്യവാനെപ്പോലെ അവൻ പാൽ കുടിക്കാൻ തുടങ്ങി. അങ്ങനെയൊരു വിഷമമേ അവനുണ്ടായിട്ടില്ല എന്ന മട്ടിൽ: മൗലവി സാഹിബിന്റെ ദുആയുടെ ആ ദൃഷ്ടാന്തം കണ്ട് ഞാൻ അൽഭുതപ്പെട്ടു പോയി. അല്ലാഹുവിലുള്ള അങ്ങയുടെ ദൃഢമായ സമീപനത്തിന്റെ ദൃശ്യങ്ങൾ എന്റെ വിശ്വാസവർദ്ധനവിന് കാരണമായി.

മുഹമ്മദ് ഹുസൈൻ ജഹ്ലമി ടൈലർ മാസ്റ്റർ പറയുന്നു:ഇതും മൗലവി ശേർ അലി സാഹിബുമായി ബന്ധപ്പെട്ടതാണ്. ഒരിക്കൽ മോസ കുലർവാൽ എന്ന സ്ഥലത്ത് ഒരു അനഹ്മദിസ്ത്രീയുടെ വിവാഹം കഴിഞ്ഞ് അഞ്ചോ ആറോ വർഷങ്ങളായി സന്താനങ്ങളൊന്നും ഉണ്ടായിരുന്നില്ല. ആ സ്ത്രീക്ക് ഉന്നതനായ അങ്ങയുടെ വരവിനെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ പറയാൻ തുടങ്ങി: ഞാൻ കേട്ടിട്ടുണ്ട് മൗലവി സാഹിബ് വളരെ നല്ല മനുഷ്യനാണ്. സന്താനലബ്ധിക്കായി ഒരു ചരട് എനിക്ക് കെട്ടാനായി പറയണം. ഞാൻ പറഞ്ഞു. മൗലവി സാഹിബ് ചരടൊന്നും കെട്ടിത്തരികയില്ല. ഏതായാലും ഞാൻ ദുആക്ക് വേണ്ടി പറയാം .മൗലവി സാഹിബ് തിരിച്ച് പോകാനിറങ്ങിയപ്പോൾ സ്റ്റേഷനിലെത്തി മൗലവി സാഹിബിനെ

എല്ലാ കാര്യങ്ങളും അറിയിക്കുകയും,ദുആ ചെയ്യാൻ പറയുകയും ചെയ്തു. മൗലവി സാഹിബ് അവിടെ വെച്ച് തന്നെ കൈകളുയർത്തി ദുആ ചെയ്തു.ദുആയുടെ പ്രഭാവത്താൽ ഏകദേശം ഒരു വർഷത്തിനുള്ളിൽ തന്നെ അല്ലാഹു ആ സ്ത്രീക്ക് ഒരാൺകുഞ്ഞിനെ നൽകി.

മൗലവി ഗുലാം റസൂൽ സാഹിബ് രാജെകി (റ) പറയുന്നു: ഇഹലോക അനുഗ്രഹങ്ങളുടെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കയ്യിൽ ബൈഅത്ത് ചെയ്തതിന്റെയും അഹ്മദിയ്യത്തിന്റെ അനുഗ്രഹത്തിന്റെയും ഫലമായി എന്നിൽ പ്രത്യേകമായ ഒരാത്മീയാവസ്ഥ ഉണ്ടായി. ചില സമയങ്ങളിൽ എന്തു തന്നെ പറഞ്ഞാലും രോഗികൾക്ക് വേണ്ടി ദുആ ചെയ്യുമ്പോൾ യജമാനൻ ഉടനെ തന്നെ എന്റെ ദുആകൾ സ്വീകരിച്ച് കൊണ്ട് ജനങ്ങളുടെ വിഷമതകളെ ദൂരീകരിച്ചു കൊണ്ടിരുന്നു. ഒരിക്കൽ ഞാൻ മോസ സഅദുല്ലാപൂർ എന്ന സ്ഥലത്ത് പോയി. ഞാൻ ചൗദരി അബ്ദുല്ലാഖാന്റെ സഹോദരപുത്രനായ ചൗദ്രി അല്ലാദാദ് സാഹിബ് (അദ്ദേഹം അപ്പോൾ ബൈഅത്ത് ചെയ്തിരുന്നില്ല) പള്ളിയുടെ മതിലിൽ ഇരിക്കുന്നതായി കണ്ടു. അദ്ദേഹം പല വിധത്തിലും വിഷമങ്ങൾ അനുഭവിക്കുന്നതായി എനിക്ക് തോന്നി. ഞാൻ അദ്ദേഹത്തോട് കാരണമാരാഞ്ഞു. അദ്ദേഹം പറഞ്ഞു: ഞാൻ 25 വർഷമായി ശ്വാസതടസ്സം കാരണം വിഷമത്തിലാണ്. എനിക്ക് ജീവിതത്തോട് വെറുപ്പ് തോന്നിത്തുടങ്ങിയിരിക്കുന്നു. ഞാൻ ചികിത്സയെപ്പറ്റി അന്വേഷിച്ചപ്പോൾ പറഞ്ഞു. ഇന്ത്യയിലെ പ്രസിദ്ധരായ ഡോക്ടർമാരെയെല്ലാം സമീപിച്ചെങ്കിലും ഒരു കുറവുമുണ്ടായിട്ടില്ല. ഇത്തരം രോഗങ്ങളെ ഡോക്ടർമാർ പാരമ്പര്യ രോഗങ്ങളാണെന്നു പറഞ്ഞു ഒഴിഞ്ഞ്മാറുന്നു. അതുകൊണ്ട് ചികിത്സകളിൽ ഞാൻ നിരാശനാണ്. എന്റെ ജീവിതം തന്നെ ദുസ്സഹമായിരിക്കുന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു. റസൂൽ (സ) തിരുമേനി ലിക്കുല്ലി ദാഇൻ ദവാഉൻ എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ചികിത്സയില്ലാത്ത ഒരു രോഗവുമില്ല എന്ന് പറഞ്ഞിരിക്കുന്നു. ചികിത്സയില്ല, എന്ന് കരുതി താങ്കൾ എന്തിന് നിരാശപ്പെടണം. പറഞ്ഞു: നിരാശയല്ലാതെ ഒരു മാർഗ്ഗവും എനിക്കില്ല. ഞാൻ പറഞ്ഞു: നമ്മുടെ അല്ലാഹു فَعَّالٌ لِّمَا يُرِيْدُ ആണ്. അദ്ദേഹം പറഞ്ഞു

لَا تَايْـَٔسُوْا مِنْ رَّوْحِ اللّٰهِ

اِنَّهٗ لَا يَايْـَٔسُ مِنْ رَّوْحِ اللّٰهِ اِلَّا الْقَوْمُ الْكٰفِرُوْنَ (12:88)

അതായത് നിരാശയും സത്യനിഷേധവും ഒരുമിച്ചുചേരാം, എന്നാൽ നിരാശയും വിശ്വാസവും ഒരിക്കലും ഒന്നിക്കുകയില്ല. അതുകൊണ്ട് താങ്കൾ നിരാശപ്പെടരുത്. ഞാൻ പറഞ്ഞു: പാത്രത്തിൽ കുറച്ച് വെള്ളം കൊണ്ടുവരിക. ഞാൻ ഊതിയിട്ട് താങ്കൾക്ക് തരാം. അദ്ദേഹം വെള്ളം കൊണ്ടുവന്നു. ഞാൻ അല്ലാഹുവിന്റെ ഗുണനാമമായ അശ്ശാഫിയെ പ്രയോജനപ്പെടുത്തിക്കൊണ്ട് വളരെ ശ്രദ്ധയോടെ വെള്ളത്തിൽ ഊതി. അല്ലാഹുവിന്റെ സവിശേഷഗുണത്തിന്റെ അനുഗ്രഹങ്ങൾ സൂര്യകിരണങ്ങൾ കണക്കെ വെള്ളത്തിൽ വർഷിക്കുന്നതായി എനിക്ക് തോന്നി. അപ്പോൾ ഈ വെള്ളം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസീഹ് മൗഊദ് (അ)ന്റെ അനുഗ്രഹം കൊണ്ട് സുഖദായകമായ മരുന്നായി മാറിയിരിക്കുന്നു എന്നെനിക്ക് മനസ്സിലായി. ഞാൻ ആ വെള്ളം ചൗദ്രി അല്ലാദാദിന് നൽകുകയും കുറച്ച് കഴിഞ്ഞ് അദ്ദേഹത്തിന്റെ ശ്വാസതടസ്സം ഇല്ലാതാകുകയും ചെയ്തു. പിന്നെ അങ്ങനെയൊരു പ്രശ്നം തന്നെ അദ്ദേഹത്തിനുണ്ടായിട്ടില്ല. ശേഷം 15,16 വർഷങ്ങളോളം അദ്ദേഹം ജീവിച്ചു. ഇത്തരം അടയാളങ്ങൾ ചൗദ്രി സാഹിബിന് അഹ്മദിയ്യത്ത് ലഭിക്കാൻ കാരണമായി. അദ്ദേഹം പിന്നീട് സാധാരണ അഹ്മദിയായിരുന്നില്ല. പരിശുദ്ധനായ അഹ്മദീ മുബല്ലിഗായി സേവനമനുഷ്ഠിച്ചു.

മൗലാനാ ഗുലാം റസൂൽ സാഹിബ് രാജെകി(റ) മറ്റൊരു സംഭവത്തിൽ ഇപ്രകാരം പറയുന്നു:

മോസ ജാമ്മൻ ഗോല ഞങ്ങളുടെ ഗ്രാമത്തിൽ നിന്ന് രണ്ട് കിലോമീറ്റർ ദൂരത്താണ്. അവിടെയുള്ള പല കർഷകരും നമ്മുടെ പരിശുദ്ധരായ വ്യക്തികളിൽ അനുരക്തരായിരുന്നു. അവിടെയുള്ള ജിന്നുഖാനിൽ നിന്ന് അൽഭുതകരമായ രോഗങ്ങളെക്കുറിച്ചും അതിൽ നിന്ന് സുഖം പ്രാപിച്ച അൽഭുതകരമായ ദൃഷ്ടാന്തങ്ങളെക്കുറിച്ചും കേട്ടു. ഇത് ദീർഘമായ ഒരു സംഭവമാണ്. ജിന്നുഖാൻ ഗ്രാമത്തിലെ മൗലവിയുടെ കൂടെ നിന്ന് മൗലവി സാഹിബിനെ എതിർത്തുപോന്നു. അദ്ദേഹത്തിനെ അവിടെ വരാൻ തന്നെ അനുവദിച്ചില്ല. പിന്നീട് ജിന്നുഖാന് വയറിന് കാര്യമായ വേദനയും മറ്റും വന്നപ്പോൾ നിർബന്ധിതനായി പറയേണ്ടിവന്നു. ഈ രോഗത്തിൽ നിന്ന് സുഖം പ്രാപിക്കണമെങ്കിൽ മൗലവി സാഹിബിന്റെ ദുആ കൊണ്ടേ സാധിക്കുകയുള്ളൂ. അദ്ദേഹത്തെ വിളിക്കുക. അങ്ങനെ മൗലവി സാഹിബ് അവിടെ പോയി. ദുആ ചെയ്തു കുറച്ചു കഴിഞ്ഞപ്പോൾ സുഖം തോന്നി. പക്ഷേ മൗലവി സാഹിബ് തിരിച്ച് വന്നപ്പോൾ വീണ്ടും വേദന തുടങ്ങി. പിന്നെ അദ്ദേഹത്തിന് വേണ്ടി പ്രത്യേകമായി ദുആ ചെയ്തു. അല്ലാഹു അയാൾക്ക് ശിഫാ നൽകി. മൗലവി സാഹിബ് പറയുന്നു: അവിടുത്തെ മൗലവിമാർ പറയാൻ തുടങ്ങി, ലോകത്തിലെ എല്ലാ ഡോക്ടർമാരും ഇയാളെ ചികിത്സിച്ചിരിക്കുന്നു. അല്ലാഹുവിന്റെ പ്രത്യേക ദാസനായി വന്ന് ഞാൻ ചികിത്സിക്കാം എന്ന് പറയുന്നു,എന്നാൽ നോക്കിക്കൊള്ളുക. ഇയാൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. മൗലവി സാഹിബ് പറയുന്നു: ഞാൻ അല്ലാഹുവിനോട് മൗലവിമാർ പറഞ്ഞ ഇക്കാര്യം പറഞ്ഞ് പ്രത്യേകമായി ദുആ ചെയ്തു. അല്ലാഹു ശിഫാ നൽകി. അൽഭുതകരമായി സുഖം പ്രാപിച്ച ജിന്നുഖാൻ കർഷകനായിരുന്ന എന്റെ പിതാവിന്റെയടുത്ത് വന്ന് പറഞ്ഞു: എന്റെ അനുജൻ ഖാൻ മുഹമ്മദ് വർഷങ്ങളായി ടി.ബി. രോഗത്തിന്റെ പിടിയിലാണ്. ദയവു ചെയ്ത് ഗുലാം റസൂൽ രാജെകിയെ എന്റെ കൂടെ അയക്കുക. കുറച്ചു ദിവസം ഞങ്ങളുടെ വീട്ടിൽ തങ്ങി ഖാൻ മുഹമ്മദിന് വേണ്ടി ദുആ ചെയ്യട്ടെ. ചുരുക്കിയാണ് ഞാൻ പറയുന്നത്, അയാളുടെ അഭ്യർത്ഥന മാനിച്ച് ഞാൻ പോയി. അവിടെ എത്തിയ ഉടനെ നമസ്കാരത്തിൽ അയാളുടെ അനുജന് വേണ്ടി ഞാൻ ദുആ ചെയ്തു. സലാം വീട്ടിയ ഉടനെ ഞാൻ ചോദിച്ചു. ഇപ്പോൾ ഖാൻ മുഹമ്മദിന്റെ സ്ഥിതി എന്താണ്. വീട്ടുകാർ പറഞ്ഞു, ഇപ്പോൾ പനി തീരെയില്ല. നന്നായി വിശപ്പ് തോന്നുന്നുണ്ട്. കുറച്ച് ദിവസങ്ങൾക്കുള്ളിൽ തന്നെ ആ ബലഹീനമായ ശരീരത്തിന് അൽപം ശക്തി ലഭിച്ചു, നടക്കാൻ തുടങ്ങി. ഈ അടയാളം കണ്ടുകൊണ്ട് അഹ്മദിയ്യത്തിനെക്കുറിച്ച് ഇവർക്ക് ബോധം ഉണ്ടായിട്ടുണ്ടെങ്കിലും മസീഹ് മൗഊദി(അ)ന്റെ കയ്യിൽ ബൈഅത്തിനായി ആരും തന്നെ വന്നില്ല. മൗലവി സാഹിബ് എഴുതുന്നു: ഈ രോഗിക്ക് ആരോഗ്യം നൽകപ്പെട്ടിരിക്കുന്നു. അത് അന്തിമതീരുമാനം എന്ന നിലക്കാണ്. അവർ അഹ്മദിയ്യത്ത് സ്വീകരിച്ചില്ലെങ്കിൽ ഈ രോഗി ഇതേ ശഅബാൻ 28ന് കബറിലിടപ്പെടുന്നതായിരിക്കും. ഞാൻ ഉണർന്ന ഉടനെ പേനയും മഷിയും കൊണ്ടുവരാനായി പറഞ്ഞു. ദൈവിക വെളിപാടുകൾ കടലാസിൽ എഴുതിവെച്ചു. അത് അവർക്ക് നൽകി. അവരോട് പറഞ്ഞു. ഈ പ്രവചനം മരണ കാലാവധിക്ക് മുമ്പ് വെളിപ്പെടുത്താതിരിക്കുക. പിന്നീട് ഞാൻ മസീഹ് മൗഊദി(അ)ന്റെ അടുക്കൽ ഖാദിയാനിലേക്ക്

വന്നു. റമദാൻ ഇവിടെ കഴിച്ചുകൂട്ടി. എന്നാൽ ബാഹ്യമായി ആരോഗ്യനില പ്രാപിച്ച അയാൾ ജനങ്ങളിൽ ചർച്ചാവിഷയമായി മാറിയപ്പോൾ വീണ്ടും രോഗം വരികയും ശഅ് ബാന്റെ ദിവസങ്ങളിൽ മരണപ്പെടുകയും ചെയ്തു. അയാളുടെ മരണശേഷം അനഹ്മദികൾ എന്നെപ്പറ്റി ജനങ്ങളോട് പറഞ്ഞു. അവരുടെ അൽഭുതത്തിന് അതിരില്ലായിരുന്നു. എന്നാൽ പരിതാപകരമെന്ന് പറയട്ടെ, അയാളുടെ അവസ്ഥകണ്ടു ബന്ധുക്കളോ ഗ്രാമക്കാരോ ആരും തന്നെ അഹ്മദികളായില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി(റ)നെ നോക്കുക. അദ്ദേഹത്തിന്റെ ആവശ്യങ്ങളെല്ലാം തക്ക സമയത്ത് നിറവേറ്റപ്പെടുന്നു. ഒരു കാര്യത്തിലും വൈകാറില്ല. അല്ലാഹു അദ്ദേഹത്തോട് ചെയ്ത വാഗ്ദാനം, നിനക്ക് ആവശ്യമുള്ളപ്പോൾ നാം നൽകും എന്നാണ്. ഒരിക്കൽ ഒരാൾ എന്റെ കൺമുമ്പിൽ അങ്ങയുടെ അടുത്തു വരികയും രണ്ട് വർഷത്തേക്ക് സൂക്ഷിപ്പുമുതലായി 200 രൂപ തന്നുകൊണ്ട് പറഞ്ഞു. ഞാൻ രണ്ട് വർഷത്തിന് ശേഷം ഇത് നിങ്ങളിൽ നിന്ന് വാങ്ങിക്കൊള്ളാം. അവിടെത്തന്നെയുണ്ടായിരുന്ന മറ്റൊരാൾ ഖലീഫഅവ്വലി(റ)ൽ നിന്ന് 100 രൂപ കടം ചോദിച്ചിരുന്നു. അയാൾ അടുത്ത് തന്നെയുണ്ടായിരുന്നു. അങ്ങ് 200 രൂപയിൽ നിന്ന് 100 രൂപ അയാൾക്ക് നൽകി. റസീത് വാങ്ങി സഞ്ചിയിൽ വെച്ചു. മിച്ചമുള്ളത് സഞ്ചിയിൽ വെച്ചു കുറച്ച് കഴിഞ്ഞപ്പോൾ അമാനത്ത് വെച്ചയാൾ തിരിച്ച്വന്ന് പറഞ്ഞു. എന്റെ 200 രൂപ എനിക്ക് ഇപ്പോൾ തന്നെ ആവശ്യമുണ്ട്. പണം എനിക്ക് ഇപ്പോൾ തന്നെ തരിക. അങ്ങ് ചോദിച്ചു: എപ്പോഴാണ് ഇവിടന്ന് പോകുന്നത്? ഞാൻ ഒരു മണിക്കൂറിനുള്ളിൽ പോകും എന്നയാൾ പറഞ്ഞു. അതെ ഒരു മണിക്കൂർ കഴിഞ്ഞ് ഉടനെ വന്ന് വാങ്ങിക്കൊള്ളുക. ഒരു മണിക്കൂർ ശേഷം അയാൾ വന്നപ്പോൾ അങ്ങ് പറഞ്ഞു: നോക്കൂ, മനുഷ്യനിൽ ഭരമേൽപ്പിക്കുക എന്നത് എത്ര വലിയ തെറ്റാണ്. ഞാൻ തെറ്റു ചെയ്തു. അല്ലാഹു എനിക്കത് അറിയിച്ചുതരികയും ചെയ്തു. ഇനി എന്റെ യജമാനൻ എന്നെ എങ്ങനെയാണ് സഹായിക്കുന്നതെന്ന് നോക്കാം. 100 രൂപ അയാൾ വരുന്നതിന് മുമ്പ് തന്നെ മറ്റൊരു വിധത്തിൽ അങ്ങയ്ക്ക് ലഭിച്ചു. അത് അയാൾക്ക് നൽകി.

ഖാസി അബ്ദുർറഹീം സഹിബ് പറയുന്നു: ഈ വിനീതൻ ചിലപ്പോൾ ഇശാക്ക് ശേഷം സ്വന്തം വീട്ടിന് മുമ്പിൽ ഗ്രാമക്കാർക്ക് തബ്ലീഗ് ചെയ്യുമായിരുന്നു. ഒരു വലിയ സദസ്സ് തന്നെ ഒരുമിച്ചു കൂടുമായിരുന്നു. ഒരു ദിവസം ഒരു ഹിന്ദുവിന്റെ ചോദ്യത്തിന് ഉത്തരമായി മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യത്തെ മറ്റൊരു നബിയുമായി ബന്ധപ്പെടുത്തി പറയേണ്ടിവന്നു. അപ്പോൾ അയാൾ സദസ്സിലെ മറ്റ് മുസ്ലിംകളുടെ നേർക്ക് വിരൽ ചൂണ്ടി. ഉടനെ സദസ്സിലുണ്ടായിരുന്ന ഒരു മുല്ല പറഞ്ഞു: മിർസായുടെ ഉദാഹരണം നബിമാരിൽ നിന്ന് നൽകുന്നോ. അയാൾ മസീഹ് മൗഊദി(അ)നെയും എന്നെയും വല്ലാതെ ചീത്ത പറയാൻ തുടങ്ങി. എന്റെ കഴുത്തിന് പിടിക്കുകയും അടിക്കുകയും ചെയ്തു. എന്റെ സ്ഥിതി വളരെ മോശമായി. എനിക്ക് യാതൊരുവിധ അപമാനവും വിഷമവും പ്രശ്നമായിരുന്നില്ല. എന്നാൽ മസീഹ് മൗഊദ് (അ)ന് മേൽ നടത്തിയ ശകാരവർഷങ്ങളിൽ ഞാൻ അത്യധികം ദുഖിതനായി. എന്റെ പല രാത്രികളും പരിഭ്രാന്തിയിൽ കഴിഞ്ഞു. അല്ലാഹുവിന്റെ മഹത്വമൊന്ന് നോക്കൂ. അന്ന് രാത്രി പെട്ടെന്ന് നല്ല മഴ പെയ്തു. അതിരാവിലെ തന്നെ ആ മുല്ലയുടെ വീട്ടിന് മുമ്പിൽ പോലീസ് വന്ന്കൊണ്ട് വളരെ മോശമായി ശകാരിക്കുകയും വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ പറയുകയും ചെയ്യുന്നുണ്ടായിരുന്നു. വീട്ടിൽ നിന്നിറങ്ങിയ ഉടനെ മുല്ലയെ കൈവിലങ്ങുകളണിയിച്ച് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ട് പോയി. ഇവിടെ ഒരു കാര്യം സൂചിപ്പിക്കേണ്ടതാവശ്യമാണ്. അതായത് ഇവിടത്തെ പോലീസുകാർ ഇംഗ്ലീഷ് ഗവൺമെന്റിന്റെ പോലീസുകാരെപ്പോലെയായിരുന്നില്ല. അവർ വളരെ കഠിനഹൃദയരും ക്ഷമയില്ലാത്തവരുമായിരുന്നു. ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്, മുല്ലയെ എത്രയധികം ചീത്തവിളിച്ചിട്ടുണ്ടാകാം എന്ന്. സംഭവം ഇങ്ങനെയായിരുന്നു. രാത്രി നദി മുറിച്ചു കടക്കാൻ തോണി തുഴഞ്ഞ് സഹായിക്കാനായി ഈ മുല്ലയെയാണ് ഏൽപിച്ചിരുന്നത്. എന്നാൽ മഴയുള്ള ദിവസം അതിൽ യാത്ര ചെയ്ത സ്ത്രീകൾ മുങ്ങിമരിച്ച വിവരം പോലീസിന് ലഭിച്ചപ്പോൾ ഇയാളെ പോലീസ് കഠിനമായി മർദ്ദിക്കുകയും വല്ലാതെ ശകാരിക്കുകയും ചെയ്തു. മസീഹ് മൗഊദി (അ) നോട് കാണിച്ച വെറുപ്പിന് തക്കതായ ശിക്ഷയാണ് മുല്ലായ്ക്ക് ലഭിച്ചത്.

മാസ്റ്റർ അബ്ദുറഹ്മാൻ സാഹിബ് പറയുന്നു: ഒരിക്കൽ ഞാൻ ഖാദിയാനിലെ ഹിന്ദു ബസാറിലൂടെ നടക്കുകയായിരുന്നു. അസഹ്യമായ ചൂട് അനുഭവപ്പെടുന്നുണ്ടായിരുന്നു. ചില ഹിന്ദുക്കൾ പറഞ്ഞു: നമുക്ക് ദുആയുടെ അനുഗ്രഹങ്ങളെക്കുറിച്ച് സംസാരിക്കാം.അങ്ങനെ അല്ലാഹു ശക്തനാണെന്ന് നമുക്ക് മനസ്സിലാക്കാമല്ലോ. ഇന്ന് മഴ വർഷിക്കാനായി താങ്കൾ അല്ലാഹുവിനോട് ദുആ ചെയ്താലും. അങ്ങനെ ചൂടും കുറയും. അദ്ദേഹം അവരുടെ പരിഹാസം മനസ്സിലാക്കി. അവർ ദുആക്ക് വേണ്ടിയല്ല പറഞ്ഞത്. പരിഹസിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. അങ്ങ് വളരെ ആവേശത്തോടെ മസ്ജിദ് അഖ്സയിലെത്തി. ആകാശം വളരെ തെളിഞ്ഞതായിരുന്നു.എന്നാൽ മഴകൊണ്ട് വസ്ത്രം നനയുന്നത് വരെ അങ്ങ് ദുആ ചെയ്തുകൊണ്ടിരുന്നു.മാസ്റ്റർസാഹിബ് പറയുന്നു: ഞാൻ ഹിന്ദുക്കളുടെ ഇടയിൽ ഇക്കാര്യം പറയുമ്പോഴൊക്കെ അവർ ലജ്ജിതരായി തല താഴ്ത്തുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

ഹദീസിൽ വന്നിരിക്കുന്നു, അല്ലാഹു പറയുന്നു: മൻ ആദലീ വലിയ്യൻ ഫഖ്ആദൻതുഹു ലിൽ ഹർബ്. ഏതൊരാൾ എന്റെ സുഹൃത്തിനോട് ശത്രുത പുലർത്തുന്നുവോ അവൻ ഞാനുമായുള്ള യുദ്ധത്തിനാണ് തയ്യാറായിരിക്കുന്നത്. പറഞ്ഞു: ഒരാൾ മറ്റൊരാളെ തന്റെ മക്കളെ സ്നേഹിക്കുന്നതു പോലെ സ്നേഹിക്കുമ്പോൾ വേറൊരാൾ ഇയാൾ മരണപ്പെട്ടെങ്കിൽ എന്ന് പറയുമ്പോൾ അല്ലെങ്കിൽ തന്റെ സുഹൃത്തിനെപ്പറ്റി മറ്റു വല്ല വിഷമകരമായ വാക്കുകൾ പറഞ്ഞ് അവനെ വേദനിപ്പിച്ചാൽ എങ്ങനെയാണ് ആ സുഹൃത്ത് സന്തോഷിക്കുക. ഒരു പിതാവ് തന്റെ മക്കൾക്കെതിരെ ശാപപ്രാർത്ഥന നടത്തുന്നുവെങ്കിൽ ആ കുട്ടികളെക്കുറിച്ച് വേദനാജനകമായ മറ്റ് വാക്കുകൾ ഉപയോഗിച്ചാൽ അങ്ങനെയുള്ളയാളെ എങ്ങനെയാണ് സ്നേഹിക്കാൻ കഴിയുക? ഇതു പോലെ അല്ലാഹുവിന്റെ മിത്രങ്ങൾ അവർ അല്ലാഹുവിന് (അത്ഫാലുള്ളാ) തന്റെ മക്കളെപ്പോലെയാണ്. കാരണം അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ തൊട്ടിലിൽ പരിപാലിക്കപ്പെടുന്നവരാണ്. അവരുടെ സുഹൃത്തും സംരക്ഷകനും അല്ലാഹുവാണ്. ഒരാൾ എത്ര നന്നായി നിസ്കരിക്കുന്നവനും നോമ്പനുഷ്ഠിക്കുന്നവനുമാണെങ്കിലും ഇവരെ ബുദ്ധിമുട്ടിക്കുന്നവനും അതിന്നായി പ്രയത്നിക്കുന്നവനുമാണെങ്കിൽ അല്ലാഹുവിന്റെ ആവേശം അലതല്ലുകയും അവരെ എതിർ

ക്കുന്നവരുടെ മേൽ അവന്റെ കോപം ജ്വലിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവർ അവന്റെ ഇഷ്ടദാസരെ ഇകഴ്ത്താനും പീഡിപ്പിക്കാനും ശ്രമിച്ചു. അതിനാൽ അവരുടെ നിസ്കാരമോ വ്രതമോ പ്രയോജനകരമാകുകയില്ല. നിസ്കാരത്തിലൂടെയും നോമ്പിലൂടെയും അവനെതന്നെയാണ് സന്തോഷിപ്പിക്കേണ്ടത്. എന്നാൽ മറ്റൊരു ദുഷ്പ്രവൃത്തിയിലൂടെ അവനെ കോപിഷ്ഠനാക്കിയിരിക്കുന്നു. നിസ്കാരം, നോമ്പ് എന്നിവ അല്ലാഹുവിനെ സന്തോഷിപ്പിക്കാനാണ്. എന്നാൽ അവന്റെ പ്രിയജനങ്ങളെ വിഷമിപ്പിച്ചുകൊണ്ട് പ്രവർത്തിച്ചാൽ അല്ലാഹുവിനെ കോപിഷ്ഠനാക്കുന്നു. പറഞ്ഞു: ദൈവകോപം ഇല്ലാതാകുന്നതുവരെ പിന്നെങ്ങനെയാണ് തൃപ്തിയുടെ പദവികൾ ലഭിക്കുക. അല്ലാഹുവിന്റെ മിത്രങ്ങളുടെ എതിരാളികൾ ഈ കോപത്തെപ്പറ്റി അറിവില്ലാത്തവരാണ്. തങ്ങളുടെ നിസ്കാരങ്ങളിലും നോമ്പിലും അവർ അഹങ്കരിക്കുന്നു. തൽഫലമായി ദൈവകോപം നാൾക്കുനാൾ വർദ്ധിക്കുന്നു. അവർ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനുപകരം അവനിൽ നിന്ന് അകലുന്നു. എന്നാൽ അല്ലാഹുവിൽ തങ്ങളെ ലയിപ്പിച്ചവർ അവന്റെ തിരുസന്നിധിയിൽ പരിപാലിക്കപ്പെടുന്നവരാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അവരെ മൂടിയിരിക്കുന്നു. അവരുടെ സംസാരം അല്ലാഹുവിന്റേതാകുന്നു. അവരുടെ മിത്രം അല്ലാഹുവിന്റെ മിത്രമായിരിക്കും. അവരുടെ ശത്രുക്കൾ അല്ലാഹുവിന്റെ ശത്രുക്കളായിരിക്കും. ഇങ്ങനെ സത്യവിശ്വാസികളുടെ ശത്രുക്കളാകുന്നവരെ എങ്ങനെ സത്യവിശ്വാസി എന്ന് പറയാൻ കഴിയും. പരിപൂർണ്ണനായ വിശ്വാസിയും, തന്റെ ശത്രുതകൊണ്ട് അവന്റെ വിശ്വാസത്തെ കല്ലിന് സമാനമാക്കുന്നു. അത്തരക്കാർ അവന്റെ കോപത്തിന് പാത്രമായവരായിരിക്കും. ദൈവനിയോഗിതരെയും അവന്റെ മിത്രങ്ങളെയും എതിർക്കുന്നത്, അവരെ വിഷമിപ്പിക്കുന്നത് ഒരിക്കലും സൽഫലത്തിന് കാരണമാകുകയില്ല. അവരെ പീഡിപ്പിക്കുകയും വിഷമിപ്പിക്കുകയും ചെയ്താൽ തനിക്ക് അത് നല്ലതാണ് എന്ന് ആരെങ്കിലും കരുതുകയാണെങ്കിൽ അവർ വലിയ തെറ്റിലാണ്. അവരുടെ നഫ്സ് അവരെ വഞ്ചിക്കുകയാണ്. ചെയ്യുന്നത്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാര്യത്തിൽ എപ്പോഴും ആവേശം കാണിക്കുന്നു. ഇന്നും കാണിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ഇത്തരം സംഭവങ്ങളിൽ നിന്ന് പ്രകടമാകുന്നത് മനസ്സിലാക്കാൻ സാധിക്കാത്തവർക്ക് അത് മനസ്സിലാവുകയില്ല. ദുആ മുഖേന പല പ്രതിസന്ധികളും നീങ്ങിയെങ്കിലും അവർക്കത് മനസ്സിലാക്കാൻ കഴിഞ്ഞില്ല. മസീഹ് മൗഊദ് (അ)ന്റെ വാദം സത്യമാണെങ്കിൽ അദ്ദേഹത്തിന്റെ അനുയായികളെ ബുദ്ധിമുട്ടിക്കുന്നതിന് പകരം അത് സ്വീകരിച്ച് ബൈഅത്ത് ചെയ്യുകയാണ് വേണ്ടത്. മസീഹ് മൗഊദിനോടും അദ്ദേഹത്തിന്റെ ജമാഅത്തിനോടുമുള്ള അല്ലാഹുവിന്റെ സമീപനം ഇന്നും നിലനിന്നു വരുന്നു. ദുആ ചെയ്യുന്നവർക്കായി പരിശുദ്ധമായ രീതിയിൽ അല്ലാഹു ദൃശ്യങ്ങൾ കാണിക്കുന്നു. എല്ലാവരിലും ഇത് പ്രകടമാക്കാൻ സാധിക്കും. പരിശുദ്ധരായി അവന്റെ മുമ്പിൽ കുനിയുകയും ഭയഭക്തിയിലൂടെ ജീവിക്കുകയും ആരാധനകളിൽ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്യേണ്ട ആവശ്യകതയുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് അരുൾ ചെയ്യുന്നു:

മനുഷ്യന് നൽകിയ കഴിവുകൾ പ്രയോജനപ്പെടുത്തിയാൽ തന്നെ തീർച്ചയായും അവന്റെ മിത്രമാകാവുന്നതാണ്. ഞാൻ ദൃഢമായും പറയുന്നു, ഈ ഉമ്മത്തിൽ പ്രകാശവും, സത്യസന്ധതയും വിശ്വസ്തതയും നിറഞ്ഞ കഴിവുള്ള ഒരുപാടാളുകൾ ഉണ്ട്. അതുകൊണ്ട് ആരും തങ്ങളെ ഈ കഴിവുകൾ ഇല്ലാത്തവരെന്ന് കരുതേണ്ടതില്ല. അല്ലാഹു വളരെയധികം കാരുണ്യവാനാണ്. അവന്റെ കരുണ കടൽപോലെ വിസ്താരമേറിയതാണ്. അന്വേഷിക്കുന്നവനും ആവശ്യപ്പെടുന്നവനും അത് ലഭിക്കുകതന്നെ ചെയ്യും. അതുകൊണ്ട് രാത്രികളിൽ എഴുന്നേറ്റ്കൊണ്ട് ദുആ ചെയ്യുക. അവന്റെ അനുഗ്രഹങ്ങൾ അന്വേഷിക്കുക. ഓരോ നിസ്കാരത്തിലും ദുആക്കായുള്ള ഒരുപാട് അവസരങ്ങളുണ്ട്. റുക്കൂഉം,ഖിയാമും ഖഅദയും സുജൂദുമുണ്ട്. ഒരു ദിവസത്തിൽ അതതു നേരങ്ങളിലായുള്ള നമസ്കാരങ്ങൾ ഫജ്ർ, ളുഹർ, അസർ, മഗ്രിബ്, ഇശാ എന്നിവയിൽ നിന്ന് പുരോഗതി പ്രാപിച്ചുകൊണ്ട് തഹജ്ജുദ് നിസ്കാരവുമുണ്ട്. ഇതെല്ലാം ദുആക്കുള്ള അവസരമാകുന്നു. റസൂൽ (സ) തിരുമേനി നമുക്ക് ദുആയുടെ രീതി പഠിപ്പിച്ചുതന്നു. എങ്ങനെയാണ് ദുആ ചെയ്യേണ്ടതെന്ന് പറഞ്ഞുതന്നു. ഒരു രിവായത്തിൽ വരുന്നു: ഹദ്റത്ത് സൈനബ് ബിൻത് സാബിത്ത്(റ)പറയുന്നു: റസൂൽ (സ) തിരുമേനി ഒരു ദുആ പഠിപ്പിച്ചുകൊടുത്തു. പറഞ്ഞു. ഇതുമുഖേന ദിവസേന വീട്ടുകാരുടെ കാര്യത്തിൽ ശ്രദ്ധിക്കുക. അങ്ങ് പറഞ്ഞു: രാവിലെ നീ ഇപ്രകാരം പറയുക. അല്ലാഹുവേ, ഞാൻ ഹാജറായിരിക്കുന്നു. എല്ലാ ശക്തികളും സന്തോഷങ്ങളും നിന്നിൽ നിന്നാണ്. എല്ലാ വിധ നന്മകളും നിന്റെ കൈകളിലാണ്. നിന്നിലൂടെയാണ് അത് ലഭിക്കുക. നിന്നിലേക്ക് തിരിഞ്ഞാൽ മാത്രമാണ് അത് ലഭിക്കുക. അല്ലാഹുവേ, ഞാൻ പറയുന്നതും സത്യം ചെയ്യുന്നതുമെല്ലാം നിന്റെ ഇംഗിതങ്ങൾക്കനുസരിച്ചാണ്. നീ ആഗ്രഹിക്കുന്നത് മാത്രമാണ് നടക്കുക. നീ ഇഷ്ടപ്പെടാത്തവ ഒരിക്കലുമില്ല. എല്ലാവിധ ശക്തികളും നിന്നിൽ നിന്നാണ്. നീ എല്ലാറ്റിനും കഴിവുള്ളവനാണ്. എന്റെ അല്ലാഹുവേ, ഞാൻ അയക്കുന്ന സ്വലാത്തുകളെല്ലാം നീ സ്വലാത്ത് അയക്കുന്നവനിലേക്കാണ്. ഞാൻ ശപിക്കുന്നത് നിന്റെ ശാപമേറ്റവനാണ്. തീർച്ചയായും നീ തന്നെയാണ് എന്റെ സുഹൃത്തും സഹായിയും. ഈ ലോകത്തും പരലോകത്തും എന്നെ മുസ്ലിമായിരിക്കുന്ന അവസ്ഥയിൽ മരിപ്പിക്കേണമേ . എന്നെ സുകൃതവാന്മാരിൽ ഉൾപ്പെടുത്തേണമേ. അല്ലാഹുവേ, എപ്പോഴും ഞാൻ നിന്നിൽ തൃപ്തനാകാൻ വേണ്ടിയുള്ള തൗഫീഖിനായി കേഴുന്നു. മരണാനന്തര ജീവിതത്തിന്റെ കുളിർ മയ്ക്ക് വേണ്ടിയും നിന്റെ മുഖത്ത് പ്രകടമാകുന്ന അനുഭൂതിക്കായി കേഴുകയും ചെയ്യുന്നു. നഷ്ടമുണ്ടാക്കുന്നവരുടെ നഷ്ടങ്ങളിൽ നിന്നും കുഴപ്പങ്ങളുണ്ടാക്കുന്നവരുടെ കുഴപ്പങ്ങളിൽ നിന്നും മാറി നിന്റെ കൂടിക്കാഴ്ച ഇഷ്ടപ്പെടുന്നു. എന്റെ അല്ലാഹുവേ, ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു. ഞാൻ അനീതി ചെയ്താലും എന്നിൽ അനീതി ചെയ്യപ്പെട്ടാലും പൊറുക്കപ്പെടാത്ത തിന്മകൾ ചെയ്താലും ആകാശ ഭൂമികളെ കീറിമുറിക്കുന്നവനേ, അദൃശ്യവും ദൃശ്യവുമായ കാര്യങ്ങൾ അറിയുന്നവനേ, അഭിമാനമുള്ളവനേ, ഞാൻ എന്നെ നിന്നിൽ ഭരമേൽപ്പിക്കുന്നു. നിന്നെ സാക്ഷിയാക്കുന്നു. സാക്ഷിയായി നീ മതിയായവനാണ്. ഞാൻ സാക്ഷി പറയുന്നു, നീയല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ല. നീ ഏകനും പങ്കുകാരനില്ലാത്തവനുമാണ്. രാജാധിപത്യം നിനക്ക് മാത്രമാണ്. നീ എല്ലാറ്റിനും കഴിവുള്ളവനാണ്. ഞാൻ സാക്ഷി പറയുന്നു, മുഹമ്മദ് നബി (സ) നിന്റെ ദാസനും ദൂതനുമാകുന്നു. ഞാൻ സാക്ഷ്യം വഹിക്കുന്നു, നിന്റെ വാഗ്ദാനങ്ങൾ സത്യമാണ്. നീയുമായുള്ള കൂടിക്കാഴ്ച യഥാർത്ഥമാണ്. സ്വർഗ്ഗം യഥാർത്ഥമാണ്. ആ സമയം വരും. അതിലൊരു സംശയവുമില്ല. കബറുകളിലുള്ളവരെ നീ എഴുന്നേൽപിക്കും. ഞാൻ തീർച്ചയായും നിന്റെ അനുഗ്രഹത്തിൽ വിശ്വസിക്കുന്നു. നീ എന്റെ എല്ലാ തിന്മകളും പൊറുക്കേണമേ. നീയല്ലാതെ മറ്റാരും തിന്മ

കൾ പൊറുക്കുന്നതല്ല. എന്നിലേക്ക് കാരുണ്യത്തോടെ തിരിയുക. തീർച്ചയായും നീയാണ് അനുഗ്രഹങ്ങളോടൊപ്പം വരുന്നവനും കരുണാമയനും. റസൂൽ(സ) തിരുമേനി പഠിപ്പിച്ച ദീർഘമായ ഒരു ദുആ യാണിത്.

അല്ലാഹു നമുക്കേവർക്കും നമ്മുടെ ഹൃദയങ്ങളിൽ അവന്റെ സ്മരണ നിലനിർത്താൻ തൗഫീഖ് നൽകട്ടെ. നാം അവന്റെ സാമീപ്യം കരസ്ഥമാക്കുന്നവരാകട്ടെ. അവന്റെ പാരിതോഷികങ്ങളാൽ അനുഗ്രഹീതരാകട്ടെ.

ഇന്ന് ഒരു ദുഃഖവാർത്തയുണ്ട്. നമ്മുടെ ഒരു അഹ്മദി സുഹൃത്ത് റാണാ സലീം അഹ്മദ് നാസിം അൻസാറുള്ള നാസിം ഇലാഖാ സാങ്കഡ്, അദ്ദേഹത്തെ 26 നവംബർ ഇന്നലെ ളുഹർ സമസ്കാരശേഷം അഹ്മദിയ്യാ മസ്ജിദ് സാങ്കഡിൽ നിന്ന് ഗേറ്റ് അടച്ചു പുറത്തേക്കിറങ്ങുമ്പോൾ ചിലർ വെടിയുതിർക്കുകയായിരുന്നു. മൂക്കിനു് കൊണ്ട വെടിയുണ്ട തലയുടെ പിറക് വശത്തിലൂടെ കടന്ന് പോയി. ഉടനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അദ്ദേഹം വഫാത്തായി. إِنَّا لِلّٰهِ وَإِنَّـا إِلَيْهِ رَاجِعونَ അദ്ദേഹം നല്ല വിദ്യാസമ്പന്നനായിരുന്നു. എം. എ. ബി. എഡ് വരെ പഠിച്ചിരുന്നു തഅ്ലീം വകുപ്പാണ് കൈകാര്യം ചെയ്തു വന്നത്. സാഡിൽ ന്യൂ ലൈറ്റ് അക്കാഡമി എന്ന പേരിൽ ഒരു സ്കൂൾ നടത്തിയിരുന്നു. ഈ സ്കൂൾ സാങ്കഡിൽ വളരെ പ്രസിദ്ധി നേടിയ സ്കൂളുകളിൽ ഒന്നാണ്. ഈ സ്കൂളിൽ ഏകദേശം 1000 വിദ്യാർത്ഥികളാണ് പഠിച്ചുവരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ജമാഅത്തീ പ്രവർത്തനങ്ങളിൽ വളരെയധികം ഉൽസാഹം കാണിച്ചിരുന്നു.ഹൈദരാബാദ് സാങ്കഡിൽ ജമാഅത്തിന്റെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തു. ദഅ്വത്തെ ഇലല്ലാ സെക്രട്ടറിയായും ഇസ്ലാഹൊ ഇർശാദ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2004ൽ സാങ്കഡിലെ നാഇബ് അമീറായി നിയമിതനായിരുന്നു.ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.ഭാര്യയും രണ്ട് പെൺമക്കളും ഒരാണുമാണുള്ളത്. അല്ലാഹു ഇവർക്ക് സഹന ശക്തി പ്രദാനം ചെയ്യട്ടെ. ശഹീദിന്റെ പദവികളെ ഉന്നതമാക്കുകയും അദ്ദേഹത്തിന് സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം നൽകുകയും ചെയ്യട്ടെ. മറ്റൊരു ജനാസ ഗ്യാനീ അബ്ദുല്ലത്തീഫ്സാഹിബ് ഖാദിയാൻ ദർവേശിന്റെതാണ്.നവംബർ 21നാണ് ഇദ്ദേഹം വഫാത്തായത് إِنَّا لِلّٰهِ وَإِنَّـا إِلَيْهِ رَاجِعونَ. ഇദ്ദേഹം മസീഹ് മൗഊദ് (അ)ന്റെ സഹാബി മുഹമ്മദ് ഹുസൈൻ സാഹിബ് കപൂർത്തൽവി(റ)യുടെ പൗത്രനായിരുന്നു. ഗുർമുഖി പരീക്ഷ പാസായതിനാൽ ഗ്യാനി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.ഹദ്റത്ത് ഖലീഫത്തുൽമസീഹ് സാനി(റ)യുടെ ആഹ്വാനപ്രകാരം ഖാദിയാനിൽ വരികയും 313 ദർവേശ്മാരിൽ ഉൾപ്പെടുകയും ചെയ്തു.കുറച്ചുകാലം ഗ്രാമങ്ങളിൽ മുബല്ലിഗായി സേവനമനുഷ്ഠിച്ചു.ജോലിയിൽ നിന്ന് വിരമിച്ച ശേഷം സേവനതൽപരനായിക്കൊണ്ട് സന്ദർശകർക്ക് വേണ്ടി ദീർഘകാലം സമയം ചെലവഴിച്ചു.ഗുർമുഖി ഖുർആൻ റിവ്യൂ നടത്താനും പ്രൂഫ് റീഡിങ്ങിനുമുള്ള ഭാഗ്യം ലഭിച്ചു.കുറച്ചുകാലം ബദർ പത്രത്തിന്റെ മാനേജറായും സേവനമനുഷ്ഠിച്ചു.ബഹിശ്ത്തീമഖ്ബറയുടെ ഒരു ചെറിയ ഭാഗം ഏറ്റെടുക്കുകയും അത് നിരന്തരം വൃത്തിയാക്കുകയും ചെയ്യുമായിരുന്നു.സൽസ്വഭാവിയും നല്ലമനസ്സിന്റെ ഉടമയുമായിരുന്നു.സാമ്പത്തിക പരാധീനതകളുണ്ടായിട്ടും വളരെ സന്തോഷവാനായിട്ടാണ് കാണപ്പെട്ടത്.ഇദ്ദേഹത്തിന്റെ സംസാരരീതി മറ്റുള്ളവരെ സന്തോഷിപ്പിക്കുന്ന വിധത്തിലായിരുന്നു. ഇദ്ദേഹത്തിന് മൂന്ന് പെൺമക്കളും രണ്ടാൺമക്കളുമാണുള്ളത്.ഒരു മകൻ നൂർ ഹോസ്പിറ്റലിൽ സേവനമനുഷ്ഠിച്ചു വരുന്നു.

മകൾ ശമീം അഖ്തർ സാഹിബ ടീച്ചറും സദർ ലജ്നയുമാണ്. ജാമാതാവായ സബാഹുദ്ദീൻ സാഹിബ് നാഇബ് നാസിർ ബൈത്തുൽമാലായി സേവനമനുഷ്ഠിച്ചു വരുന്നു.മക്കൾക്കും അദ്ദേഹത്തിന്റെ കാലടികൾ പിൻതുടരാനുള്ള സൗഭാഗ്യം നൽകട്ടെ.അദ്ദേഹത്തിന് ഉന്നത പദവികൾ നൽകുമാറാകട്ടെ.രണ്ട് ജനാസകളും ജുമുഅക്ക് ശേഷം നിർവ്വഹിക്കപ്പെടുന്നതീയിരിക്കും.

**വിവർത്തനം**
മൗലവി എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ് , കണ്ണൂർസിറ്റി **PHONE : 9895109624**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 27 - 11 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**